**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 956** **26-07-2021 - ൽ മറുപടിയ്ക്ക്**

**പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ വൻകിട എസ്റ്റേറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വൻകിട എസ്റ്റേറ്റുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പെരിങ്ങമ്മല വില്ലേജ് പരിധിയിൽ ഉൾപ്പെട്ടവ : 1. ബ്രൈമൂർ എസ്റ്റേറ്റ് 2. വുഡ് ലാൻഡ് എസ്റ്റേറ്റ് തെന്നൂർ വില്ലേജ് പരിധിയിൽ ഉൾപ്പെട്ടവ: 1. ഇൻവർകാട് എസ്റ്റേറ്റ് 2. പൊന്മുടി എസ്റ്റേറ്റ് 3. മെർക്കിൻസ്റ്റൺ എസ്റ്റേറ്റ് 4. പുതുക്കാട് എസ്റ്റേറ്റ് |
| (ബി) | പ്രസ്തുത എസ്റ്റേറ്റുകളുടെ ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് അറിയിക്കാമോ; | (ബി) | സ്വാതന്ത്ര്യത്തിനു മുമ്പ് വിദേശ കമ്പനികളും പൗരന്മാരും കൈവശം വച്ചിരുന്ന ഭൂമിയിന്മേൽ സർക്കാർ ഉടമസ്ഥത സ്ഥാപിക്കുന്നതിന് 06.06.2019 ലെ ജി.ഒ (എം.എസ്) 172/2019/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സിവിൽ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. തോട്ടം തണ്ടപ്പേർ രജിസ്റ്റർ പ്രകാരം ഭൂമി നിലവിൽ കൈവശം വച്ചുവരുന്നവരുടെ വിവരം താഴെ കൊടുക്കുന്നു. ബ്രൈമൂർ എസ്റ്റേറ്റ് - ദി ബ്രൈമൂർ എസ്റ്റേറ്റ് ലിമിറ്റഡ്, പട്ടം, പ്ലാമൂട് , തിരുവനന്തപുരം എന്ന പേരിൽ. വുഡ് ലാൻഡ് എസ്റ്റേറ്റ് - വർദ്ധിനി പ്ലാന്റേഷൻ പട്ടം, പാലസ് പി.ഒ എന്ന പേരിൽ ഇൻവർകാട് എസ്റ്റേറ്റ് - കുളത്തൂപ്പുഴ എ.പി നൈനാൻ സൺസ് കമ്പനി മാനേജിംഗ് പാർട്ട്ണർ, അഞ്ചൽ എന്ന പേരിൽ മെർക്കിൻസ്റ്റൺ എസ്റ്റേറ്റ് - സേവി മനോ മാത്യൂ സൺ ഓഫ് ജോൺ മാത്യൂ ഡയറക്ടർ M/s സതേൺ ഫീൽഡ് വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് പേരിൽ പൊന്മുടി എസ്റ്റേറ്റ് - (1) തിരുവനന്തപുരം കവടിയാർ ജവഹർ നഗർ താമസം ഈപ്പൻ മകൻ കുര്യൻ. ഇ.കുളത്തിൽ (2) എം. ചെട്ടിയപ്പൻ, ദേവി മഹാലക്ഷ്മി, അഡയാർ ക്ലബ് റോഡ് മദ്രാസ് (3) സാറാമ്മ ജോർജ്ജ് വലിയചാമക്കാല വീട്, കൊട്ടാരക്കര (4) അഴകപ്പ ചെട്ടിയാർ, കൊട്ടിയൂർ, രാമനാട്ട് എന്നിവർ പേരിൽ പുതുക്കാട് എസ്റ്റേറ്റ് - യൂണിയൻ കാർഡമം പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ വി.കെ. ഈപ്പൻ പേരിൽ |

| | | | |
|---|---|---|---|
| (സി) | സർക്കാർ ഭൂമി ഏതെങ്കിലും വ്യവസ്ഥയിൽ കരാർ ചെയ്ത് നടത്തുന്ന എസ്റ്റേറ്റുകൾ ഇവിടെ നിലവിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയെന്നും എന്ത് വ്യവസ്ഥയിന്മേലാണ് ഭൂമി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (സി) | ഇല്ല; ബാധകമല്ല. |
| (ഡി) | അപ്രകാരമുള്ള ഓരോ എസ്റ്റേറ്റുകളുടെയും വിസ്തൃതി എത്രയെന്ന് അറിയിക്കാമോ? | (ഡി) | ഇല്ല; ബാധകമല്ല. |

സെക്ഷൻ ഓഫീസർ